# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3855

31.01.2014- ൽ മറുപടിക്ക്

## ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡവലപ്‌മെന്റ് പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :**<br>**ശ്രീ. പാലോട് രവി :**<br>**ശ്രീ. സണ്ണി ജോസഫ് :**<br>**ശ്രീ. എം.പി. വിൻസെന്റ് :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്‌മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ; | (എ) ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) സഹകരണ സംഘങ്ങളുടെ ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിനും, കാർഷികവും അനുബന്ധ മേഖലകളി ലുള്ള ഉൽപാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാര ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീ ലനം നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| ബി) ഇതിന്റെ രണ്ടാംഘട്ടം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്. ഒന്നാം ഘട്ടം പദ്ധതി നടപ്പിലാക്കി 8 വർഷം പൂർത്തിയായാൽ എൻ.സി.ഡി.സിയുടെ അനുമതിയോടു കൂടി രണ്ടാം ഘട്ടം ആരംഭിക്കാവുന്നതാണ്. വയനാട് ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കി. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കണ്ണൂർ ഐ.സി.എം.നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) എന്തെല്ലാം കർമ്മപദ്ധതികളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | (സി) സഹകരണ സംഘങ്ങളുടെ ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ സ്ട്രോംഗ് റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലയിലുള്ള ഉൽപാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നിവയ്ക്ക് പുറമേ വിനോദസഞ്ചാരം, ആരോഗ്യ സംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉൽപാദനവും വിതരണവും, പാർപ്പിടം, ആരോഗ്യ പരിപാലനം വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്. |
| ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ദേശീയ സഹകരണ വികസന കോർപ്പറേഷനും (എൻ.സി.ഡി.സി) സംസ്ഥാന സർക്കാരും ജില്ലാ സഹകരണ ബാങ്കും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**